സിദ്ദീഖ് ബാഖവി. എം.ഡി-മണിക്കിണർ

# തിരുനബി രക്ഷകർ

തിരുനബി(സ)യും സത്യവിശ്വാസിയും തമ്മിലുള്ള ബന്ധം വിശുദ്ധഖുർആൻ വിവരിച്ചതിങ്ങനെയാണ്. 'നബി സത്യവിശ്വാസികളോട് അവരുടെ ശരീരങ്ങളേക്കാൾ ഏറ്റം ബന്ധപ്പെട്ടവരാണ്. പ്രവാചകപത്നിമാർ അവരുടെ മാതാക്കളുമാണ്''(അൽ അഹ്സാബ്-6)

തിരുനബി(സ)യെ ഒരാൾ സ്നേഹിക്കേണ്ടതും തിരുനബി(സ)ക്ക് സംഭവിക്കുന്ന ബുദ്ധിമുട്ടുകളെയും പ്രയാസങ്ങളെയും തടുക്കേണ്ടതും സ്വശരീരങ്ങളേക്കാൾ ബാദ്ധ്യതപ്പെട്ടതാണെന്ന് ഈ ആയത്ത് പഠിപ്പിക്കുന്നു. നബി(സ)തങ്ങൾ തന്നെ ഒരു ഹദീസിലിതു പഠിപ്പിക്കുന്നു. ''മൂന്നുകാര്യങ്ങൾ ഒരാളിൽ ഉണ്ടായാൽ അവൻ സത്യവിശ്വാസത്തിന്റെ മാധുര്യം അനുഭവിച്ചു. അല്ലാഹുവും റസൂലും മറ്റുള്ളതിനേക്കാൾ അവന് പ്രിയങ്കരരാകുക. അല്ലാഹുവിനു വേണ്ടി മാത്രം ഒരാളെ ഇഷ്ടപ്പെടുക. നരകത്തിൽ വീഴ്ത്തപ്പെടുന്നത് വെറുക്കുന്നതു പ്രകാരം സത്യനിഷേധത്തിലേക്കു മടങ്ങുന്നതിനെ വെറുക്കുക''(ബുഖാരി). ''പിതാവിനെക്കാളും സന്താനങ്ങളേക്കാളും മറ്റുജനങ്ങളേക്കാളും ഞാൻ പ്രിയപ്പെട്ടവനാകുന്നതുവരെ നിങ്ങളിലൊരാളും യഥാർത്ഥ സത്യവിശ്വാസിയാവുകയില്ല''(ബുഖാരി).

ഒരു സത്യവിശ്വാസിക്ക് തന്റെ ആത്മാവുൾപ്പടെ എല്ലാത്തിനേക്കാളും പ്രിയപ്പെട്ടത് തിരുനബിയാവണം. ഒരിക്കൽ ഇതു നബിതങ്ങൾ തന്നെ ഉമറിനോടു പറഞ്ഞു. അതിൽ ബുദ്ധിമുട്ടനുഭവപ്പെട്ട ഉമർ(റ) നബിയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, സർവ്വ വസ്തുക്കളേക്കാളും അങ്ങയെ ഞാനിഷ്ടപ്പെടുന്നു. എന്റെ ശരീരമൊഴിച്ച്. നബിതങ്ങൾ പറഞ്ഞു: ഇല്ല ഉമർ, താങ്കളേക്കാൾ ഞാൻ താങ്കൾക്ക് പ്രിയപ്പെട്ടവനാകുക തന്നെ വേണം. ഈ ആവശ്യം അംഗീകരിച്ച ഉമർ(റ) പറഞ്ഞു: ഇപ്പോൾ എന്റെ ജീവനേക്കാൾ താങ്കളെനിക്കു പ്രിയങ്കരനാണ്. ഫത്ഹുൽബാരി:157.

ഇത്തരത്തിൽ തിരുനബി(സ)യോട് ഒരു സത്യവിശ്വാസി ബന്ധമുള്ളവനാകേണ്ടതെന്തുകൊണ്ടാണ്? ഒരാൾ ഇസ്ലാമിലേക്ക് കടന്നു വരുമ്പോൾ ഉച്ചരിക്കേണ്ട ശഹാദത്ത് കലിമയിൽ ആരാധ്യനായി അല്ലാഹുവിന്റെ സാക്ഷ്യത്തോടൊപ്പം ദൂതരായി മുഹമ്മദ് നബി(സ) തങ്ങളേയും പ്രഖ്യാപിക്കണം. ഈ രണ്ടു സാക്ഷ്യവാക്യങ്ങളിൽ ഒന്നുപേക്ഷിച്ചാൽ വിശ്വാസിയാകാൻ കഴിയില്ല. അല്ലാഹു പറയുന്നു: സത്യവിശ്വാസികളേ, അല്ലാഹുവിലും റസൂലിലും നിങ്ങൾ വിശ്വസിക്കുക(നിസാഅ്-135).

ഈ ശഹാദത്ത് കലിമ ചൊല്ലി മുസ്ലിമായ ഒരാൾക്ക് തന്റെ ഇഹ-പരങ്ങളിൽ തനിക്കേറ്റവും ഉപകാരപ്പെടുന്നതും ഉപദ്രവങ്ങൾ തടയുന്നതും നബി(സ)യാണെന്നു മനസ്സിലാക്കാൻ സാധിക്കുന്നു. നബി(സ) തങ്ങൾ സർവ്വലോകത്തിനും കാരുണ്യമാണെന്ന് നാഥൻ പറയുന്നുണ്ടല്ലോ(അൽഅംബിയാഅ്-107). ''തീർച്ചയായും നിങ്ങളിൽ പെട്ട ദൂതൻ മുഹമ്മദ്(സ) നിങ്ങൾക്കു വന്നിരിക്കുന്നു. നിങ്ങൾക്കു വെറുപ്പുണ്ടാക്കുന്നതും ബുദ്ധിമുട്ടുണ്ടാക്കുന്നതും അവിടത്തേക്ക് വിഷമമാണ്. നിങ്ങൾ സത്യവിശ്വാസികളായി സന്മാർഗ്ഗത്തിലാകാൻ ശക്തമായി ആഗ്രഹിക്കുകയും ചെയ്യുന്നു. അവിടുന്ന് വിശ്വാസികളോട് വളരെ കരുണയും കൃപയുമുള്ളവരാണ്''(തൗബ-129).

സമുദായത്തിൽ എല്ലാവരും സന്മാർഗ്ഗത്തിലാകാൻ നബി ആഗ്രഹിക്കുന്നു. ദുർമാർഗ്ഗത്തിലായി നിത്യനരകാവകാശികളാകുന്നത് നബി(സ)ക്ക് സഹിക്കാനാകാത്തതാണ്. അവിടുന്നു ഏവരുടെയും സ്വർഗ്ഗപ്രവേശനത്തിന് കഠിനമായി പ്രയത്നിക്കുന്നു. നബി(സ) പറയുന്നു. ജാബിർ(റ) ഉദ്ധരിക്കുന്നു. ''എന്റെയും നിങ്ങളുടെയും ഉപമ തീ കത്തിക്കുന്ന ഒരാളെപ്പോലെയാണ്. വണ്ടുകളും പാറ്റകളും അതിൽ വന്നു വീഴുന്നു. അദ്ദേഹം അവയെ തടയുന്നു. ഞാൻ നിങ്ങളുടെ ഊരപിടിച്ച് നരകത്തിനെ തൊട്ട് രക്ഷിക്കുന്നു. നിങ്ങൾ എന്റെ കൈയിൽ നിന്ന് വഴുതിപ്പോകുന്നു''(മുസ്ലിം: 2-248)

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയാണുള്ളത്. ''നരകത്തിൽ വീഴുന്നതിനെത്തൊട്ട് ഞാൻ ഊരപിടിച്ച് രക്ഷപ്പെടുത്താത്തതായി നിങ്ങളിലൊരാളുമില്ല''(ത്വബ്റാനി- മുഅ്ജമുൽ കബീർ: 7-269).

വേറൊരു നിവേദനത്തിൽ ഇപ്രകാരമാണുള്ളത്. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഉദ്ധരിക്കുന്നു. നബി(സ) പറഞ്ഞു: നിശ്ചയം അല്ലാഹു ഒരു കാര്യവും ഹറാമാക്കിയിട്ടില്ല. നിങ്ങളിൽ ചിലർ അതിന്റെ മേലിൽ വെളിവാകുമെന്ന് അവൻ അറിഞ്ഞിട്ടല്ലാതെ. അറിയുക, വണ്ടുകളും പാറ്റകളും തീയിൽ വീഴുന്നതു പോലെ നിങ്ങൾ നരകത്തിൽ വീഴുന്നതിനെ തൊട്ട് നിങ്ങളുടെ ഊര ഞാൻ പിടിക്കും(അഹ്മദ്: 10-25). അബ്ദുല്ലാഹിബ്നു അബ്ബാസി(റ)നെ തൊട്ടുദ്ധരിക്കുന്ന മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുണ്ട്. നബി(സ) പറഞ്ഞു: യജമാനൻ ഒരു

വീടു പണിതു. അതിൽ ഒരു സൽക്കാരം വച്ചു. ക്ഷണിക്കാൻ ഒരാളെ നിയോഗിച്ചു. യജമാനൻ അല്ലാഹുവാണ്. സൽക്കാരം ഖുർആനാണ്. വീട് സ്വർഗ്ഗമാണ്. ക്ഷണിക്കുന്നവൻ ഞാനാണ്. എന്റെ പേർ ഖുർആനിൽ മുഹമ്മദ് എന്നാണ്. ഇഞ്ചീലിൽ അഹ്മദ് എന്നാണ്. തൗറാത്തിൽ ഉഹൈദ് എന്നാണ്. ഞാനെന്റെ ഉമ്മത്തിനെ നരകത്തിനെത്തൊട്ട് തടയുന്നതു കൊണ്ടാണ് എനിക്ക് ഉഹൈദ് എന്നു പേർ വയ്ക്കപ്പെട്ടത്(താരീഖുദിമിശ്ഖ്:3-21).

സൃഷ്ടികളിൽ അനുസരണം കാണിക്കാത്തവർക്ക് നൽകപ്പെടുന്ന നരകശിക്ഷയിൽ നിന്ന് മോചിപ്പിക്കലാണ് തന്റെ ലക്ഷ്യമെന്ന് ഉദാഹരണ സഹിതം നബി(സ) വ്യക്തമാക്കുന്നതാണ് മുകളിലുള്ളത്.

ഈ തിരുനബി(സ)യുടെ സാന്നിധ്യം മാത്രം മതി, അസാന്നിധ്യമുള്ള സമൂഹത്തിന്റെ ശിക്ഷ അല്ലാഹു മാറ്റിവയ്ക്കാൻ. അവരെ അല്ലാഹു ശിക്ഷിക്കില്ല. അല്ലാഹു പറയുന്നു. ''നബിയേ, അങ്ങ് ആ സമൂഹത്തിലുള്ളപ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുകയില്ല''(അൻഫാൽ: 33). സർവ്വസൃഷ്ടികളെയും നരകത്തിൽ നിന്ന് മോചിപ്പിക്കലാണ് തന്റെ ലക്ഷ്യമെന്ന് പറഞ്ഞ തിരുനബി(സ) തന്റെ അനുചരിൽ പലർക്കും വ്യക്തമായിത്തന്നെ നരകമുക്തി നൽകിയിട്ടുണ്ട്.

ബദർയുദ്ധത്തിൽ പങ്കെടുത്തവർക്ക് മുഴുവനും ഇത്തരത്തിൽ നരകമുക്തി നൽകിയത് പ്രസിദ്ധഹദീസുകളിലുള്ളതാണല്ലോ.

ഹുദൈഫത്തുബ്നുൽ യമാനി(റ)നെ തൊട്ട് ഉദ്ധരിക്കപ്പെടുന്നു. അദ്ദേഹം പറഞ്ഞു: ക്ലേശകരമായ ഒരു യുദ്ധത്തിൽ സൈന്യത്തിന് സഹായം തേടി ഉസ്മാനി(റ)ന്റെ അടുക്കലേക്ക് നബി(സ) ആളെയയച്ചു. പതിനായിരം ദീനാർ നൽകി ഉസ്മാൻ(റ) നബിയെ സഹായിച്ചു. പ്രസ്തുത സമ്പത്ത് തിരുനബി(സ)യുടെ മുന്നിൽ ചൊരിയപ്പെട്ടപ്പോൾ അതു കൈയിലിട്ടു മറിച്ചുകൊണ്ട് അവിടുന്നു പറഞ്ഞുകൊണ്ടിരുന്നു. ഉസ്മാൻ, താങ്കൾ രഹസ്യമാക്കിയതും പരസ്യമാക്കിയതും ഗോപ്യമാക്കിയതും ഖിയാമനാൾവരെ ഉണ്ടാകുന്നതുമെല്ലാം താങ്കൾക്ക് ഒരു പ്രശ്നമാകില്ല(കൻസുൽ ഉമ്മാൽ: 13-38)

രണ്ടാം ഖലീഫ ഉമർ(റ) കുത്തേറ്റു കിടക്കുന്നു. തനിക്ക് പിൻഗാമിയെ തീരുമാനിക്കാൻ ആറംഗസമിതിയെ മഹാനവർകൾ നിർദ്ദേശിച്ചു. അവരെക്കുറിച്ചുള്ള ജനാഭിപ്രായം കേട്ട ഉമർ(റ) ഓരോരുത്തരെയും കുറിച്ച് പറഞ്ഞതിങ്ങനെ. അലി(റ)യെക്കുറിച്ച് നബി(സ) പറഞ്ഞിച്ചുണ്ട്: അലി, നിന്റെ കൈ എന്റെ കൈയിനോടൊപ്പമാണ്. ഖിയാമഃ നാളിൽ ഞാൻ പ്രവേശിക്കുന്നിടത്ത് കൂടെ നീയും പ്രവേശിക്കും. ഉസ്മാനി(റ)നെ കുറിച്ചു നബി(സ) പറഞ്ഞു: ഉസ്മാൻ(റ) മരിക്കുന്ന ദിവസം ആകാശത്തിലെ മലക്കുകളും ജനാസ നമസ്കരിക്കും. ഞാൻ ചോദിച്ചു: ഇത് ഉസ്മാനിന് മാത്രമോ, അതോ ജനങ്ങൾക്ക് മുഴുവനുമാണോ? തങ്ങൾ പറഞ്ഞു: ഉസ്മാന് മാത്രമാണിത്. ത്വൽഹത്തിനെക്കുറിച്ച് നബി(സ) പറഞ്ഞതിങ്ങനെ: ഒരു രാത്രിയിൽ തങ്ങളുടെ ഒട്ടകക്കട്ടിൽ വീണുപോയി. എന്റെ ഒട്ടകക്കട്ടിൽ നേരെയാക്കുന്നയാൾ എന്നോടൊപ്പം സ്വർഗ്ഗത്തിലാണ്. ഉടനെ ത്വൽഹത്ത്(റ) അതു ശരിപ്പെടുത്തി. നബി(സ) തങ്ങൾ പറഞ്ഞു: ത്വൽഹ, ഇതാ ജിബ്രീൽ നിന്നോട് സലാം പറയുന്നു. ഖിയാമഃ നാളിൽ ഭയാനതകളിൽ നിന്നെ രക്ഷിക്കാൻ ഞാനുണ്ട് എന്ന് ജിബ്രീൽ പറയുന്നുണ്ട്. സുബൈറി(റ)നെക്കുറിച്ച് നബി(സ) പറയുന്നതും ഞാൻ കേട്ടിട്ടുണ്ട്. ഒരിക്കൽ തങ്ങളുറങ്ങുമ്പോൾ മുഖത്ത് സുബൈർ വീശിക്കൊണ്ടിരുന്നു. ഉറക്കമുണർന്ന നബി(സ) ചോദിച്ചു: നീ ഇങ്ങനെ വീശിക്കൊണ്ടിരിക്കുകയായിരുന്നുവോ? സുബൈർ(റ) പറഞ്ഞു: എന്റെ ബാപ്പയും ഉമ്മയും അങ്ങേക്കു ദണ്ഡം. ഞാനപ്രകാരം തന്നെയായിരുന്നു. തങ്ങൾ പറഞ്ഞു: ഇതാ ജിബ്രീൽ നിനക്ക് സലാം പറയുന്നു. ഖിയാമഃ നാളിൽ നിന്നോടൊപ്പം ഞാനുണ്ട്. നരകത്തിലെ തീപ്പൊരികൾ നിന്റെ മുഖത്തിനെത്തൊട്ട് ഞാൻ ആട്ടിയകറ്റും എന്ന് ജിബ്രീൽ പറയുന്നുണ്ട്. സഅ്ദിനെക്കുറിച്ചും നബി(സ) പറഞ്ഞിട്ടുണ്ട്. ബദ്ർ യുദ്ധത്തിൽ തന്റെ വില്ല് പതിനാല് കഷ്ണങ്ങളായി പൊട്ടിയിട്ടും തങ്ങളെ സംരക്ഷിച്ച്, അമ്പെയ്ത സഅ്ദിനോട് നബി(സ) പറഞ്ഞു: സഅദേ, അമ്പെറിയൂ. എന്റെ ഉമ്മയും ബാപ്പയും നിനക്കു ദണ്ഡം! അബ്ദുർറഹ്മാനുബ്നു ഔഫിനെക്കുറിച്ചും നബി(സ) തങ്ങൾ പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ഫാത്വിമ(റ) ബീവിയുടെ വീട്ടിൽ നബി(സ) ഇരിക്കുന്നു. ഹസൻ(റ), ഹുസൈൻ(റ) രണ്ടുപേരും വിശപ്പുകാരണം കരയുന്നു. നബി(സ) ചോദിച്ചു: വല്ല വസ്തുവും നമുക്കെത്തിച്ചു തരുന്നത് ആരാണ്? ഉടനെ അബ്ദുർറഹ്മാനുബ്നുഔഫ് പായസവും രണ്ട് പത്തിരിയുമുള്ള ഒരു പാത്രവുമായി വന്നപ്പോൾ നബി(സ) പറഞ്ഞു: നിന്റെ ദുൻയാവിന്റെ കാര്യം അല്ലാഹു മതിയാക്കിയിരിക്കുന്നു. നിന്റെ ആഖിറത്തിന് ഞാൻ ജാമ്യം നിൽക്കുന്നു. (കൻസുൽഉമ്മാൽ: 13-246.)

തന്റെ ഉമ്മത്തിന്റെ നരകമോചനത്തിനും സ്വർഗ്ഗപ്രവേശനത്തിനും അതികഠിനമായി തന്നെ പരിശ്രമിച്ചതിനാലാണ് ആ നിലയിൽ നബിയെ സ്നേഹിക്കാൻ സമൂഹം കടപ്പെടുന്നത്. തിരുനബി(സ)യുടെ സ്വഹാബത്ത് തങ്ങളുടെ സ്നേഹം വ്യക്തമാക്കിയിരുന്നു.

അലി(റ) പറയുന്നു: അല്ലാഹു സത്യം, ഞങ്ങളുടെ സമ്പത്തിനേക്കാളും സന്താനങ്ങളേക്കാളും മാതാപിതാക്കളേക്കാളും ദാഹവേളയിലെ ശീതളപാനീയങ്ങളേക്കാളും നബി(സ) ഞങ്ങൾക്ക് പ്രിയങ്കരനായിരുന്നു (ശർഹുശ്ശിഫാ: 2-40)

ഈ നിലയിൽ തന്നെ നബിതങ്ങളെ ഇഷ്ടപ്പെടാനും തന്നിലേക്ക് ഏറ്റവും അടുക്കാനും വിശ്വാസിക്ക് ബാദ്ധ്യതയുണ്ട്. അബൂഹുറൈറ(റ)യെ തൊട്ടുള്ള നിവേദനം. നബി(സ) പറഞ്ഞു: ദുൻയാവിലും ആഖിറത്തിലും ഞാനേറ്റവും ബന്ധപ്പെട്ടവനായിട്ടല്ലാതെ ഒരു സത്യവിശ്വാസിയുമില്ല. നിങ്ങൾക്കു വേണമെങ്കിൽ 'നബി സത്യവിശ്വാസികൾക്ക് തങ്ങളുടെ ശരീരത്തേക്കാൾ ബന്ധപ്പെട്ടവനാണ്' എന്ന ആയത്ത് ഓതുക(അഹ്മദ്: 2-290). ❐